പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4201** 16..12..2014 ൽ മറുപടിക്ക്

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലും തകർച്ചയിലും പ്രവർത്തിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും ഇറക്കുമതിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിരുന്ന ഓർഡറുകളുടെ അപര്യാപ്തത, കാലപ്പഴക്കമുള്ളമെഷിനറികളുടെ തകരാറുകൾ മൂലം ഉൽപ്പാദനത്തിൽ നേരിടുന്ന തടസ്സങ്ങ ൾ, പ്രവർത്തനമൂലധനത്തിൻെറ അഭാവം തുടങ്ങിയ പ്രധാന കാരണങ്ങളാണ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധി ക്കുന്നത് . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ 2010-11 ൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2012-13 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നഷ്ടത്തിലായവ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങളും വിശദീകരിക്കുമോ? | (സി) | 2010-11ൽ ലാഭകരമായി പ്രവർത്തിച്ച 23 (ഇരുപത്തിമൂന്ന്) സ്ഥാപനങ്ങളിൽ ചുവടെ പറയുന്ന 7 സ്ഥാപനങ്ങൾ 2012-13 കാലയളവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. |

| | |
|---|---|
| 1 | Traco Cable Company Ltd |
| 2 | Kerala State Drugs & Pharmaceuticals Ltd |
| 3 | Sitaram Textiles Ltd |
| 4 | Kerala State Handloom Weavers Co-operative Society Ltd (HANTEX) |
| 5 | The Malappuram Co-operative Spinning Mills Ltd. |
| 6 | Alleppey Co-operative Spinning Mills |
| 7 | Kerala State Mineral Development Corporation Ltd |

*(* സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായിവരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്).*

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഗോള പ്രതിസന്ധിമൂല മുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

2010-11-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന Travancore – Cochin Chemicals, Travancore Cements Ltd എന്നീ സ്ഥാപനങ്ങൾ 2012-13 കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്.

സെക്ഷൻ ഓഫീസർ

അനുബന്ധം -I

| | |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Malabar Cements Ltd |
| 3 | Kerala State Industrial Development Corporation Ltd |
| 4 | Transformers and Electricals Kerala Ltd |
| 5 | Travancore Titanium Products Ltd |
| 6 | Kerala Industrial Infrastructure Development Corporation (KINFRA) |
| 7 | Kerala State Electronic Development Corporation Ltd* |
| 8 | Steel and Industrial Forgings Ltd |
| 9 | Kerala State Industrial Enterprises Ltd |
| 10 | Kerala State Drugs & Pharmaceuticals Ltd |
| 11 | Kerala Clays & Ceramic Products Ltd |
| 12 | Steel Industrials Kerala Ltd |
| 13 | Keltron Electro Ceramics Ltd |
| 14 | Kerala Small Industries Development Corporation Ltd |
| 15 | Sitaram Textiles Ltd |
| 16 | Traco Cable Company Ltd |
| 17 | Kerala State Handloom Weavers Co-operative Society Ltd (HANTEX) |
| 18 | The Malappuram Co-operative Spinning Mills Ltd. |
| 19 | Alleppey Co-operative Spinning Mills |
| 20 | Kerala State Mineral Development Corporation Ltd |
| 21 | Kerala Artisans Development Corporation Ltd |
| 22 | Kerala State Palmyrah Products Development and Workers' Welfare Corporation Limited (KELPALM) |
| 23 | Forest Industries (Travancore) Ltd |

സെക്ഷൻ ഓഫീസർ